63rd Kerala School Kalolsavam - Jan 04 To 08, 2025 - Thiruvananthapuram

63-ാമത് കേരള സ്കൂൾ കലോത്സവം 2025 ജനുവരി 4 മുതൽ 8 വരെ തിരുവനന്തപുരം

7/1/2025

Item Code: 643 Participant Code: 301

# മലയാളം ഉപന്യാസരചന

## വിഷയം - മാതൃഭാഷയുടെ വികാസം : എന്റെ കാഴ്ചപ്പാടിൽ

ഒരു മനുഷ്യന്റെ ബുദ്ധിവികാസത്തിന്റെ അടിസ്ഥാനവും, ആദ്യപടിയുമാണ് അവന്റെ മസ്തിഷ്കത്തിലെ ഭാഷാവളർച്ച. ഭാഷയുടെ വിത്തുകൾ മാതാവിന്റെയും, പിതാവിന്റെയും, ചുറ്റുപാടുകളുടെയും സഹായത്താൽ ആ വ്യക്തിത്വം ആർജിച്ചെടുക്കുമ്പോൾ അവന്റെ സർഗശേഷിക്ക് താങ്ങായി മനസ്സിൽ തമ്പടിച്ച്, തന്റെ വ്യക്തിത്വത്തിന്റെ ഉരുക്കുതൂണായി നിലകൊണ്ടുതുടങ്ങുന്ന മനുഷ്യഭാഷയാണ് അവന്റെ മാതൃഭാഷ. മാതൃഭാഷയെന്ന് നാം അംഗീകരിക്കുകയും അഭിമാനം കൊള്ളുകയും ചെയ്യുന്ന മലയാളത്തെ മുറുകെപിടിച്ചുകൊണ്ടുള്ള ജീവിതമാകുന്ന പ്രയാണത്തിൽ പക്ഷേ, എവിടെയോ

63-ാമത് കേരള സ്കൂൾ കലോത്സവം 2025 ജനുവരി 4 മുതൽ 8 വരെ തിരുവനന്തപുരം

5/1/2025

Item Code: 643 Participant Code: 301

നാം മറക്കുന്ന അടിസ്ഥാന തത്വങ്ങളും അറിവുകളും ചെറുമൂല്യങ്ങളുമുണ്ട്. എന്താണ് മാതൃഭാഷയെന്ന ചോദ്യം പോലും ആധുനിക മലയാളിയെ കുഴപ്പിക്കുന്നത് വളരെ ദുഃഖകരവും അതേസമയം ലജ്ജിപ്പിക്കുന്ന വസ്തുതയുമാണ്. മാതൃഭാഷയെന്നത് ഒരുവന്റെ ചിന്തയുടെ ഭാഷയാണ്. ഇളം പ്രായത്തിൽത്തന്നെ മനസ്സിൽ ഉട്ടിയുറപ്പിക്കപ്പെട്ട ഭാഷയെ, ചിന്തകൾക്ക് താങ്ങായി, മനസ്സിൽ തങ്ങിനിൽക്കു. ചിന്തിക്കുന്ന ഭാഷയാണ് മാതൃഭാഷ. ആ ഭാഷ ചിന്തിക്കുന്ന ഭാഷയായി മാറുന്ന കാലഘട്ടത്തെ മറക്കുന്നതിന് തുല്യമാണ് ~~മക~~, സ്വന്തം അമ്മയെ തള്ളിപ്പറയുന്നതിന് തുല്യമാണ് മാതൃഭാഷയോടുള്ള നിസ്സംഗതയും താത്പര്യക്കുറവും. അകന്ന് പോക്കും.

എന്തുകൊണ്ടാണ് മാതൃഭാഷയുടെ വികാസത്തിനായി നാം പ്രവർത്തിക്കേണ്ടി വന്നത് എന്ന ചോദ്യത്തെക്കാളും, എന്തിന് മാതൃഭാഷയുടെ വികാസത്തിന് പ്രവർത്തിപ്പിക്കേണ്ടി വരുന്നുവെന്നാണ്. അതിനർഥം, മാതൃഭാഷയുടെ ഉപയോഗവും ആത്മാർഥതയും നാം

Item Code: 643 Participant Code: 361

5/1/2025

എവിടെയോ മറന്ന് പോയിരിക്കുന്നുവെന്നാണ്. എന്തിന് മാതൃഭാഷയുടെ വികാസത്തിന് നാം പ്രയത്നിക്കണം? ഈ ചോദ്യത്തിനായുള്ള ഉത്തരം അനന്തമാണ്. ഒരു മഹാസംസ്കാരത്തിന്റെ കാതലായ വാമൊഴിയാണ് ഭാഷ. ആ ഭാഷയുടെ മടിത്തട്ടിൽ ജനിച്ചുവീഴുന്ന മാനവർക്കും ഈ സംസ്കാരം പകർന്ന് നൽകുകയും, അവയിലൂടെ വരും തലമുറകളും ഉത്തരം ഭാഷയുടെ മഹിമയറിയുകയും ചെയ്യുന്നു. എന്നാൽ പഴമക്കാർ നിനക്കാത്തതായിരുന്നു ആധുനിക മലയാളി കാട്ടിക്കൂട്ടിയത്.

മനുഷ്യരുടെ സംസ്കാരങ്ങളുടെ കൈമാറ്റം നടക്കുന്ന കാലങ്ങൾ പല പുതിയ കണ്ടുപിടുത്തങ്ങൾക്കും, സങ്കരവൃന്ദങ്ങൾ പലർക്കായി പടർന്നുപിടിക്കുകയും ചെയ്യുന്നതിന് കാരണമായി. മഹത്തായ, മഹിമയേറിയ ഭാഷയായ, നമ്മുടെ മാതൃഭാഷയായ, മലയാളത്തിന്റെ മക്കളായി അഹങ്കരിച്ചു. അഭിമാനിച്ചു. ജീവിച്ചുപോകേണ്ടി-

ഴിരുന്ന നാം, പാശ്ചാത്യ സംസ്കാരത്തിന്റെ അന്തമായ പ്രലോഭനങ്ങളിൽ വീണകപ്പെടുകയും, തന്റെ മഹത്തായ മാതൃഭാഷയെയും മാതൃനാടിനെയും ഉട്ടെറിഞ്ഞ് കണ്ടെത്താനാകാത്ത സുഖം അന്വേഷിച്ച് പായുന്ന മലയാളികളെയാണ് ഇന്ന് പരിണമിച്ചിരിക്കുന്നത്. ലോകത്തെ ഏറ്റവും വലിയ, മഹത്തായ പല സംസ്കാരങ്ങളിലെയും ജീവിതവും അക്കാലത്തെ കാവ്യങ്ങളും മൂല്യങ്ങളും ജീവിതത്തെ സ്വാധീനിക്കും വിധം ലോകത്തിന് പകർന്നുനൽകിയത്, അവരുടെ മാതൃഭാഷയുടെ നീണ്ട കാലത്തെ നിലനിൽപ്പുകാരണവും, അവർ കൈമറിപ്പോന്ന വാമൊഴികളുടെയും ബലത്തിലായിരുന്നു.

കേരളത്തിൽ ജനിച്ചുവീഴുന്ന കുഞ്ഞുങ്ങളെയും കൊണ്ട് തങ്ങളുടെ സ്വാർഥജീവിതത്തിന് പിന്നാലെയോടുമ്പോൾ മാതാപിതാക്കൾ നശിപ്പിക്കുന്നത് ആ കുരുന്നിന്റെ മാതൃഭാഷാവളർച്ചയും സംസ്കാരബോധത്തെയുമാണെന്നതിൽ സംശയമില്ല.

63rd Kerala School Kalolsavam - Jan 04 To 08, 2025 - Thiruvananthapuram

Item Code: 643 Participant Code: 361

5/1/2025

ഇന്ത്യയിലെ ഭാഷകൾ സംസ്കാരവാഹിനികളാണ്. നൂറ്റാണ്ടുകളുടെ വീരകഥകളും പാടിയന്നത്തെ നാടൻപാട്ടുകളുടെയും കാവ്യങ്ങളുടെയും മറ്റ് കലാരൂപങ്ങളെയും കോർത്തിണക്കി നൂറ്റാണ്ടുകളെ അതിജീവിച്ച് മാനവരാശിയുടെ കൂടെ പാട്ടുകളുടെയും വായ്മൊഴിയുടെയും അകമ്പടിയോടെ കടന്ന് വന്നയൊരു അത്ഭുത പ്രതിഭാസമാണ് മാതൃഭാഷ. വർഷങ്ങളുടെ പരിണാമങ്ങൾക്കൊടുവിൽ ശക്തമായ നാഴികക്കല്ലുകൾ പതിപ്പിച്ച് മുന്നേറിയ ഈ ഭാഷയുടെ അവസ്ഥയാണിത്!

വിദ്യാർത്ഥികുടിയേറ്റത്തിൽ തുടങ്ങിയതാണ് മലയാളിയുടെ മാതൃഭാഷയെ കണ്ടില്ലെന്ന് നടിച്ചുള്ള ജീവിതശൈലി. കേരളത്തിലെ പ്രവാസികൾ, അവർ പണ്ടുകാലത്ത് കഷ്ടപ്പാടുകൾ അനുഭവിച്ചത് മാതൃഭാഷയെ വെറുത്താണോ, ഇതര സംസ്കാരങ്ങൾ തേടിപ്പോകാനുള്ള ആസക്തിയാലോ അല്ല. മറിച്ച് സ്വന്തം കുടുംബത്തിന്റെ ചുമലിൽ വഹിച്ച് ജീവിച്ചവരാണ് അവർ. എന്നാൽ

(This page will be scanned to publish the article in Schoolwiki. So write neatly. Don't fold paper. Don't write overleaf)

ഇതര സംസ്കാര - ഭാഷാ പ്രയോഗങ്ങളിൽ വീണു-
പോയ മലയാളികൾ, എന്ന് ശോഷിക്കപ്പെടുമെന്നതി-
ന് തീർച്ചയില്ല. തനിക്ക് മലയാളം അറിയില്ല
എന്ന് പറയുന്നത് മലയാളി ഇന്നൊരു അഭി-
മാനമായി കണക്കാക്കിയതാണ് എടുത്തുപറയേണ്ടത്.
മാതൃഭാഷയാണ്. എന്നിട്ടും അത് അവനവനെത്തന്നെ
വിനിമയത്തിന് ഉപയോഗിക്കാൻ 'തയ്യാറാകുന്നില്ലെന്ന്'
വസ്തുതയാണ് ഇവ വിഷയത്തിന്റെ പ്രധാന ഘടകം.

ഇന്ത്യയുടെ ഭാഷയുടെ മാഹാത്മ്യം
പറഞ്ഞു കഴിഞ്ഞതാണ്. ഇന്ത്യയിലെ ഭാഷകളായ
തുളു, കൂർഗി തുടങ്ങിയ ഭാഷകൾ വരുന്ന
കാലഘട്ടങ്ങളിൽ ഇല്ലാതാകുമെന്ന് പഠനങ്ങൾ
സൂചിപ്പിക്കുന്നു. എന്നാൽ അതിന്റെ കാരണം
ആരും മനസ്സിലാക്കുന്നില്ല, പ്രത്യേകിച്ചും മലയാ-
ളികൾ. ഉപജീവനത്തിനാണ് വിദേശരാജ്യങ്ങ-
ളിലാദ്യം പോകുന്നതെങ്കിലും, തുടർന്ന് സ്വന്തം
നാടിനെയും നാട്ടുകാരെയും, എന്തിന്, സ്വന്തം
മാതൃഭാഷയെപ്പോലും മറക്കുന്നവരായി മാറപ്പെടു

ന്ന സാഹചര്യമാണ് മാതൃഭാഷയുടെ വികാസത്തി-
ന്റെ പ്രാധാന്യം ഉയർത്തിക്കാട്ടപ്പെടുന്നത്.

ഇന്നത്തെ മലയാളി സമൂഹം ഏറെക്കു-
റെ ഈ സംസ്കാരത്തിന്റെ നശീകരണം തിരിച്ച-
റിഞ്ഞതിനാൽ, മാതൃഭാഷയുടെ വികാസത്തിനായുള്ള
നിരവധി പ്രവർത്തനങ്ങൾ ആവിഷ്കരിച്ചിരിക്കുന്നു.
കേരളസർക്കാരിന്റെയും മറ്റ് സാംസ്കാരിക സംഘട-
കളുടെയും നേതൃത്വത്തിലാണ് ഇത്തരം പ്രവർത്ത-
നങ്ങൾ സംഘടിപ്പിച്ചുവരുന്നത്. കേരളോത്സവം
ഒരു ഉദാഹരണമായും പറയാനാകുന്നതാണ്.

എന്റെ കാഴ്ചപ്പാടിലെ മാതൃഭാഷയുടെ
വികാസത്തിനായി ഒട്ടനവധി മാർഗങ്ങളാണ്
മനസ്സിലേക്കെത്തുന്നത്. മലയാളമെന്ന
എന്റെ മാതൃഭാഷയുടെ വികാസത്തിനായി കൂടു-
തൽ സമഗ്രമായി സാഹിത്യക്ലബ്ബുകൾ സ്കൂ-
ളുകളിലും, ഭവനപരിസരങ്ങളിലും
കൃത്യമായ ജനപങ്കാളിത്തത്തോടെ സംഘടി-
പ്പിക്കുകയെന്നതും ഒരു മാർഗമാണ്. കലയെന്ന

ആയുധമുപയോഗിച്ചുള്ള ശക്തമായ ഭാഷാവികാ-
സമാണ് മറ്റൊരുപായം. കലാപഠനത്തിനായി
പ്രായഭേദമന്യേ എല്ലാവർക്കും പങ്കെടുക്കും. വി-
ധത്തിലുള്ള പ്രവർത്തനങ്ങൾ
സംഘടിപ്പിക്കാം. നാടൻപാട്ടും വഞ്ചിപ്പാട്ടും പഴഞ്ചൊ-
ല്ലുകളുമൊക്കെയായി നിറഞ്ഞ ഭാഷാശുദ്ധിയുള്ള
കലാപഠനം ഒരു വ്യക്തിയിൽ അവന്റെ മാതൃഭാ-
ഷയുടെ ആഴം വർധിപ്പിച്ച്, കൂടുതൽ ദൃഢമായ
ഭാഷാശക്തി കൈവരുകയും ചെയ്യുന്നു. മൂന്നാ-
മതായി അവബോധം നൽകുന്ന
പ്രവർത്തനങ്ങളുടെ മാർഗമാണ്. ഒരു വ്യക്തി-
ക്ക് തന്റെ മാതൃഭാഷയോടുള്ള മതിപ്പ്, അഭിമാനം,
സ്നേഹം, എന്നിവ വളർത്തിയെടുക്കാനും,
ശുദ്ധിയോടെതന്നെ തന്റെയടുത്ത തലമുറയി-
ലേക്ക് പകർന്നുനൽകാനായി അവനെ പ്രേരി-
പ്പിക്കുന്ന ശ്രമങ്ങളും സഹായമാവുന്നതാണ്.

എന്നാൽ, ശാസ്ത്രീയമായി ഇത്തരം
മനുഷ്യരെ തന്റെ ഭാഷയുടെയ്

വ്യക്തിയുടെയും ഇടയിലുള്ള അകലം കുറയ്ക്കാനായി ഇത്തരം പ്രവർത്തനങ്ങൾ തന്നെ വേണമെന്നുമില്ല. ഇതര ഭാഷാലോകത്തിന് പിന്നാലെ പോകുന്നതാണ് യഥാർഥ മനുഷ്യനെന്ന തെറ്റിദ്ധാരണ അവനിൽനിന്ന് പറിച്ച് മാറ്റുന്നതിലൂടെയും, മാതൃഭാഷയുടെ പ്രാധാന്യ-വും അതിൽ അടിയുറച്ച് നിൽക്കാനുള്ള ധൈര്യ-വും മാതാപിതാക്കളോ അധ്യാപകരോ വിദ്യാർഥികൾ-ക്കും, ഒരു മുതിർന്ന വ്യക്തിക്ക് സമൂഹവും മനസ്സിലാക്കിനൽകുകയും ചെയ്യുക മാത്രം മതി. കൃത്യമായി മാതൃഭാഷയുടെ തുടർ-ന്നുള്ള ഉപയോഗവും അതിൽനിന്ന് വീണ്ടും ആർജ്ജിക്കുന്ന അറിവുകളും മതി, ഒരു മലയാളി-ക്ക് അവന്റെ അന്ത്യം വരെ മാതൃഭാഷയെ കൊണ്ടു ചെല്ലാനും, പൂർണ്ണതയുള്ള ജീവിതം നയിക്കാനും.

കേരളസർക്കാരിന്റെ പാഠപുസ്തക-ങ്ങളിൽ അക്ഷരമാലകളില്ലാതിരുന്നുണ്ടായ ചർച്ചകളും പിന്നീടത് പലയിടത്തായി പ്രത്യക്ഷപ്പെ-

ടതും മാതൃഭാഷയുടെ ഉയർത്തിക്കാട്ടലിനും വികാസ-
ത്തിനുമായിരുന്നുവെന്നത് സ്മരിക്കപ്പെടേണ്ട
സംഭവവികാസങ്ങളാണ് കാരണം, മാതൃഭാഷയുടെ
വികാസത്തിനായി നിലകൊണ്ട മനുഷ്യരന്നവിടെയുയർ-
ത്തിയത് വെറും എതിർപ്പായോ അതൃപ്തിയാ-
യോ മാത്രം നിസ്സാരവത്കരിച്ചുകൂടാ. പകരം
മാതൃഭാഷയുടെ മൂല്യവും നിലനിൽപ്പിനായുള്ള ദാഹ-
വുമാണ് അന്ന് കേരളം മുഴുവൻ ഉയർന്നു-
കേട്ടത്. അതാണ് മാതൃഭാഷയുടെ വികാസത്തിനാ-
യുള്ള ദാഹം. എന്റെ കാഴ്ചപ്പാടിൽ മാതൃഭാഷാ
വികാസം വെറും അക്ഷരമാലകൾകൊണ്ട് മാത്രം
ഉയർത്തിക്കാട്ടാനാകില്ല. പകരം മാതൃഭാഷയായ
മലയാളത്തിന്റെ നൈപുണ്യം നേടിയ ഭാഷാശുദ്ധി
യുള്ള ഗുരുക്കന്മാരുടേയോ മുതിർന്നവരുടേയോ
ആവശ്യം കൂടി അനിവാര്യമാകുകയാണ്. കാരണം
ഇന്നത്തെ വിദ്യാർത്ഥിസമൂഹം നേരിടുന്ന വലി-
യൊരു പ്രതിസന്ധിതന്നെയാണ് നിലവാരമില്ലാത്തതും
അയോഗ്യരുമായ അധ്യാപകരുടെ ശിക്ഷണം. അത്

ഒന്നും തന്നെ അറിവ് പകർന്നു നൽകാത്തതിനേക്കാൾ പതിന്മടങ്ങ് വർധിച്ച അപരാധമാണ്. ഭാഷാശുദ്ധിയുള്ള വ്യക്തിത്വങ്ങളെത്തന്നെ അധ്യാപനത്തിന് തിരഞ്ഞെടുക്കുകയും, വരും തലമുറയ്ക്ക് മലയാളഭാഷയോട് വലിയൊരു അനുകമ്പയും, ബഹുമാനവും, അഭിമാനവും വളർത്താൻ സാധിക്കുമെന്നത് തീർച്ചയാണ്.

സാഹിത്യലോകം പന്തലിച്ചുകൊണ്ടിരിക്കുകയാണ്. ചില ഭാഷകൾ ലോക-മുഴുവൻ കീർത്തിനേടി പന്തലിക്കും. മറ്റുചിലത് മൺമറഞ്ഞ് പോകുകയും ചെയ്യുന്നു. മലയാളഭാഷ പ്രതിസന്ധിയിലാണ്, എന്നാൽ നാശത്തിന്റെ വക്കിലുമല്ല. മൂല്യബോധവും മാതൃഭാഷാപ്രേമികളും ആയ നവയുഗത്തിന്റെ പിറവിയോടെയാണത്രേ കേരളീയ ഭാഷയ്ക്കും അവരുടെ മനുഷ്യർക്കും മാതൃഭാഷയ്ക്കും ഇനിയൊരു ഉയർത്തെഴുന്നേൽപുണ്ടാവുകയുള്ളൂ. മാതൃഭാഷയുടെ വികാസത്തിന് യുവാക്കൾ കൈകോർക്കണം. കാരണം.

5/1/2025 Item Code: 643 Participant Code: 361

പലവഴികളിലായി മാതൃഭാഷയോട് അകന്ന് ജീവിക്കുന്ന അവരുടെ മിത്രങ്ങളെ ഏകീകരിച്ച്, മാതൃഭാഷയുടെ ഉന്നമനത്തിനും ഉയർച്ചയ്ക്കും വേണ്ടി ~~[illegible]~~ സാംസ്കാരികമായ, ബൗദ്ധികമായ, ധാർമികമായ മൂല്യങ്ങൾ മുറുകെപ്പിടിച്ച് മാതൃഭാഷാ വികാസത്തിന് ഒന്നിച്ച് മുന്നേറേണ്ടിയിരിക്കുന്നു. യുവാക്കളും വിദ്യാർഥികളും കുട്ടികളും പുതു തലമുറയും ഒന്നിച്ച് ~~കേരള~~ കേരളീയ തനിമയ്ക്കുവേണ്ടി പ്രവർത്തിക്കുന്ന ആ സുന്ദര നിമിഷമായിരിക്കും മാതൃഭാഷാ വികാസത്തിന്റെ ആദ്യ വിത്തുകൾ മുളച്ചുപൊങ്ങുക എന്നാണ് എന്റെ കാഴ്ചപ്പാട്.

കാഴ്ചപ്പാടുകൾ വ്യത്യസ്തമാണ്. ചിലർക്ക് ചിലരുടേതായ വഴി. ഇടുങ്ങിയതും വിശാലമായതുമായ ചിന്താഗതികളും ഭൂമിയിലെ മാനവർക്കുണ്ട്. അത്തരം വ്യത്യസ്ത ചിന്തകൾ അടങ്ങിയ ഈ ലോകത്തെ, ഈ കൊച്ചുകേരളത്തിൽ എല്ലാവരും ഒരുമിച്ച് ഒരു ലക്ഷ്യത്തിന

5/1/2025 Item Code: 643 Participant Code: 301

ഷി മുന്നിട്ടിറങ്ങുകയെന്നത് പ്രയാസകരമാണെ-
ങ്കിലും , എന്റെ കാഴ്ചപ്പാടിൽ ഇത് കേവലം
ഒരു ഭാഷയുടെ നിലനിൽപ്പിലൊതുങ്ങുന്ന
പ്രതിസന്ധിയല്ല. മറിച്ച് ഒരു കൂട്ടം ജനങ്ങ-
ളുടെ ജീവിതത്തെ ചലിപ്പിവന്ന പാതയുടെയും,
അവരുടെ ജീവിതത്തിലെ നാഴികക്കല്ലുകൾ
ദൂരെ എങ്ങോ മഞ്ഞിൽ മറഞ്ഞുപോകുന്നതും
പോലെയാണ്. അങ്ങനെയൊരു ചരിത്രം
വഹിച്ച സുന്ദരമായ എത്രയേറെ ഭാഷകൾ
മൺമറഞ്ഞിരിക്കുന്നു. ആഗോളവത്കരണത്തി-
ന്റെ കൈപ്പിടിയിൽ കണ്ണുമഞ്ഞളിച്ച മലയാളി-
കളിൽനിന്നും , മലയാളഭാഷാ പ്രാധാന്യത്തെ-
യും സംസ്കാരസ്നേ~~[illegible]~~ത്തെയും. ഉണർ-
ത്തി, മാതൃഭാഷയ്ക്കുവേണ്ടി നിലകൊള്ളുന്ന-
വരാക്കുകയെന്ന കർമ്മമാണ് നമുക്കുമുന്നിലുള്ള
ഏക വഴി. അതിനായാണ് ഇത്രയേറെ വസ്തു-
തകൾ പ്രതിപാദിച്ചിരിക്കുന്നത്. വരും തലമു-
റയെങ്കിലും മാതൃഭാഷയോട് ചേർന്ന് വളരുന്ന

(This page will be scanned to publish the article in Schoolwiki. So write neatly. Don't fold paper. Don't write overleaf)

ജീവിതശൈലിയിലെത്തിയില്ലെങ്കിൽ, മലയാള ഭാഷയായ മാതൃഭാഷ, കേവലം വൃദ്ധർ സംസാരിച്ചിരിക്കുന്ന ഒരു അപൂർവ്വ-പുരാതന ഭാഷയായി ചുരുക്കപ്പെടുകയും ചെയ്യും മലയാളം.

കേരളസർക്കാരിന്റെ ശ്രമങ്ങൾ മാതൃകാപരമാണ്. കേരളത്തിന്റെ പദ്ധതികളിൽ പത്താം ക്ലാസുവരെ നിർബന്ധിത മലയാള ഭാഷാ പഠനം തീർത്തും അർത്ഥവത്താണ്. എന്റെ കാഴ്ചപ്പാടിൽ കേരളത്തിന്റെ മാതൃഭാഷാ വികാസത്തിനായുള്ള ശ്രമങ്ങളിൽ ഏറ്റവും അടിസ്ഥാനവും അനിവാര്യവുമായയൊരു പദ്ധതിതന്നെയാണ് ഇതെന്ന് പറയാം.

സമ്പൂർണ്ണസാക്ഷരതയെന്ന് നാം കൊട്ടിഘോഷിക്കുമ്പോഴും, അടിസ്ഥാനത്തിലായ മാതൃഭാഷയെ വിട്ടുജീവിക്കുന്നവരടങ്ങിയ നാടെന്നതിൽ അല്പമൊന്നുമല്ല ലജ്ജിക്കേണ്ടത്. ഇത് കേരളത്തിന്റെ മാത്രം കാര്യമല്ല. ഇത്

63rd Kerala School Kalolsavam - Jan 04 To 08, 2025 - Thiruvananthapuram

63-ാമത് കേരള സ്കൂൾ കലോത്സവം 2025 ജനുവരി 4 മുതൽ 8 വരെ തിരുവനന്തപുരം

5/1/2025

Item Code: 643 Participant Code: 301

പല നാടുകളും ഭാഷകളുമൊക്കെ കാണുന്ന വസ്തുതയാണ്.

എന്റെ കാഴ്ചപ്പാടിൽ / അഭിപ്രായത്തിൽ, കേരളം മാതൃകാപരമായി തന്നെയാണ് അവരുടെ മാതൃഭാഷാ വികാസത്തിനായി പ്രവർത്തിക്കുന്നത്. മാതൃഭാഷയുടെ വളർച്ചയ്ക്കാവശ്യമായവ പിന്തുണയും സർക്കാരിൽനിന്നും സംഘടനകളിൽനിന്നും ലഭിക്കുന്ന ഇതുപോലൊരു സംസ്ഥാനം വേറെയുണ്ടാകില്ല, ഇന്ത്യയിൽ. തീർച്ചും മാതൃകാപരമായ പ്രോത്സാഹനവും ശാക്തീകരണവും ഉപയോഗപ്പെടുത്തുകയെന്നതാണ് വരും തലമുറയ്ക്ക് ലഭിക്കേണ്ട സന്ദേശം.

മാതൃഭാഷാ വികാസത്തിന് ഇത്തരം ഭാഷാശുദ്ധി വളർത്തുന്നതും മനസ്സിൽ സാഹിത്യം ഉട്ടിയുറപ്പിക്കുന്നതുമായ പ്രവർത്തനങ്ങളിൽ പങ്കുചേരുമ്പോൾമാത്രമേ, കേരളീയ തനിമയും തന്റെ മാതൃഭാഷാമാഹാത്മ്യവും ആ വ്യക്തിക്ക് പൂർണ്ണമായി ബോധ്യം ഉണ്ടാകുകയുള്ളൂ.

(This page will be scanned to publish the article in Schoolwiki. So write neatly. Don't fold paper. Don't write overleaf)

63-ാമത് കേരള സ്കൂൾ കലോത്സവം 2025 ജനുവരി 4 മുതൽ 8 വരെ തിരുവനന്തപുരം

5/1/2025

Item Code: 643 Participant Code: 301

മലയാളഭാഷ - മാതൃഭാഷ . അത് വളർന്നു-
കൊണ്ടേയിരിക്കുകയാണ്. ഈ വളർച്ച ശുഭകര-
മായ നിലയിലാണ് മുന്നോട്ട് പോകുന്നതെ-
ന്ന് നമുക്ക് പ്രത്യാശിക്കാം. പുതു. തലമുറ
സ്വന്തം മാതൃഭാഷയെ ലോകത്തെവിടെ ചെന്നാ-
ലും മനസ്സിൽ സൂക്ഷിക്കുന്ന തരത്തിൽ
നമുക്ക് പ്രവർത്തിക്കാം. മാതൃഭാഷയുടെ മാഹാ-
ത്മ്യം വിളിച്ചുപറയാനായി നാം ഇനിയും
സംവിധാനങ്ങളൊരുക്കിക്കൊണ്ടുതന്നെ ഇരിക്കണം.
സാമൂഹ്യമാധ്യമങ്ങളുടെ സഹായത്താലും
ഇത്തരം അവബോധം പകരുന്നതിലൂടെ
മാതൃഭാഷയെ സ്വന്തം മാതാവിനും പിതാവിനു-
തുല്യമായി സ്നേഹിക്കുന്ന ഒരു സുന്ദരമായ
തലമുറ, കേരളനാടിന്റെ മുറ്റത്തുതന്നെ
ഓടിക്കളിക്കുന്ന ദൃശ്യങ്ങൾ ഇനിയും കാണാൻ
സാധിക്കുമെന്നതാണ്, ശുഭകരമായ പ്രതീക്ഷ.
അങ്ങനെതന്നെ ഭവിക്കുകയും ചെയ്യട്ടെയെന്ന്
നമുക്ക് പ്രത്യാശിക്കുകയും ചെയ്യാം!